പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2665 — 19-12-2012-ൽ മറുപടിക്ക്

## ജലശ്രീ ക്ലബ്ബുകളും ജലസൗഹൃദ വിദ്യാലയങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ.<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. ശിവദാസൻ നായർ.<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലശ്രീ ക്ലബ്ബുകളുടെയും ജലസൗഹൃദ വിദ്യാലയങ്ങളുടെയും പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 20-11-2012 -ൽ തിരുവനന്തപുരത്ത് വെച്ച് നടത്തുകയുണ്ടായി. |
| (ബി) പുതിയ ജലസംസ്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലശ്രീ - സി.സി.ഡി.യു.-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജലസംരക്ഷണം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണനിലവാരം, ശുദ്ധജലത്തിന്റെ വിനിയോഗം എന്നീ മേഖലകളിൽ കൂടുതൽ അവബോധം കുട്ടികൾക്ക് നൽകുകയാണ് ജലശ്രീ ക്ലബ്ബുകളുടെയും ജലസൗഹൃദ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എവിടെയൊക്കെയാണ് ഇവയുടെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | സംസ്ഥാനത്താകെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | മികച്ച ജലസൗഹൃദ വിദ്യാലയത്തിന് പുരസ്കാരങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ? | (ഡി) | മികച്ച ജലസൗഹൃദ വിദ്യാലയങ്ങൾക്ക് "ബാപ്പുജി ജലശ്രീ പുരസ്കാരം 2013" ഏർ പ്പെടുത്തിയിട്ടുണ്ട്. ജലശ്രീ കൂട്ടായ്മയിലെ ജലമിത്ര സന്ദേശകരായ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഏറ്റവും മികച്ച ജലസൗഹൃദ സംരക്ഷക പി.ടി.ഐ. ക്കും സമ്മാനവും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന പുരസ്കാരങ്ങൾ ഏർ പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ